ളുടെ ആശ്രിതർക്കോ അറിയില്ല. അവർ ഏതാനും പൊതുപരിപാടികളിൽ പങ്കെടുക്കാൻ മുൻകാലങ്ങളിൽ വന്ന രീതിയിൽ ഇപ്പോഴും വന്നതാണ്. ഒരു സ്റ്റേറ്റ് കാറിൽ ഫ്ളാഗ് ഉപയോഗിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു വിവാദം ഉണ്ടായതു ദൗർഭാഗ്യകരമായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. ഈ രാജ്യത്ത് അറബികടൽ വരാറുണ്ട്, പല പരിപാടികളിലും പങ്കെടുക്കാറുണ്ട്. അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും സഹകരിച്ചുതന്നെ അവർക്ക് വിരുന്ന് നൽകാറുണ്ട്. അതുപോലെതന്നെ ഇവിടെനിന്നു പല മന്ത്രിമാരും എം. എൽ. എ.മാരും അറബിരാജ്യങ്ങളിലേക്ക് പോകാറുണ്ട്. ഞങ്ങളെ ബന്ധപ്പെടുത്തി പറഞ്ഞ ഈ പരാമർശങ്ങൾ ഖേദകരമായിപ്പോയി. അത് പിൻവലിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ റൂൾ 288 പ്രകാരം അങ്ങു ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. നാലകത്ത് സൂപ്പി എന്നിവർക്ക് പേർസണൽ എക്സ്പ്ലനേഷന് അവസരം കൊടുത്തു. എന്നാൽ ഒരാളിന്റെ പ്രസംഗം കേട്ടു. അത് അദ്ദേഹവുമായി ബന്ധപ്പെട്ട കാര്യമല്ല. അതിൽ പറഞ്ഞിരിക്കുന്നത് സ്റ്റേറ്റ് കാറിൽ കൊടി ഉപയോഗിച്ചിട്ടില്ലെന്നാണ്.....(ബഹളം).....

മി. സ്പീക്കർ : അവരെ ബാധിക്കുന്ന കാര്യം മാത്രമേ പറയുകയുള്ളൂ.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, സ്റ്റേറ്റ് കാറിൽ കൊടി ഉപയോഗിച്ചിട്ടില്ല എന്നാണ് പറഞ്ഞത്. ഡിബേറ്റ് നടന്നുകഴിഞ്ഞു.....(ബഹളം).....ആ ഭാഗങ്ങൾ ഡിലീറ്റ് ചെയ്യണം. അങ്ങ് രേഖ പരിശോധിക്കണം.

IV ശ്രദ്ധ ക്ഷണിക്കൽ

1 കുന്നത്തറ ടെക്സ്റ്റൈൽസ്

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, കോഴിക്കോട്ടു ജില്ലയിലെ 600-ഓളം കുടുംബങ്ങൾ 1974-ൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി 5000 രൂപ വീതം കടമെടുത്ത് തുടങ്ങിയതാണ് കുന്നത്തറ ടെക്സ്റ്റൈയിൽസ്. കുറെ ആളുകൾക്കെങ്കിലും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ഒരു മാർഗ്ഗമാകുമെന്നു പ്രതീക്ഷിച്ചിരുന്ന ഒരു സ്ഥാപനമായിരുന്നു കുന്നത്തറ ടെക്സ്റ്റൈയിൽസ്. കുറേക്കാലമായി നമ്മുടെ നാട്ടിലെ സ്ഥിതി വച്ചുകൊണ്ടു പറയുകയാണെങ്കിൽ ഈ സ്ഥാപനത്തിന്റെ തുടക്കം മുതൽ ബാലാരിഷ്ടതകൾ പിന്നിട്ടുകൊണ്ട് മുന്നോട്ടു കൊണ്ടുപോകുകയായിരുന്നു. 1979-ൽ ഇതിന്റെ പ്രവർത്തനം തുടങ്ങി. 1982-ൽ വീണ്ടും ഈ സ്ഥാപനത്തിന് സാമ്പത്തിക പ്രശ്നങ്ങളുണ്ടായി. അതിനുശേഷം അവിടത്തെ തൊഴിലാളികളുടെ താൽപ്പര്യവും ആ സ്ഥാപനത്തിന്റെ താൽപ്പര്യവും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണെന്നുള്ള രീതിയിൽ ഗവൺമെന്റ് റിലീഫ് അണ്ടർ ടേക്കിംഗ് ആക്ട് പ്രകാരം ഈ സ്ഥാപനം ഏറ്റെടുത്തു. കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ 2 വർഷം ഒരു കാര്യവുമില്ലാതെ പൂർണ്ണസേവനം നടത്തിക്കൊണ്ട് അവർ ജോലി ചെയ്തു. ഒരുപക്ഷേ കേരളത്തിലെ മറ്റൊരു തൊഴിലാളികളും ഇത്തരത്തിലുള്ള ത്യാഗപൂർണ്ണമായ പ്രവർത്തനം ചെയ്തതായി അറിവില്ല. 1979 മുതൽ നാമമാത്രമായ കൂലിയിൽ അവർ ജോലി ചെയ്യുകയാണ്. കോഴിക്കോട്ടു ജില്ല

LIBRARY ARCHIVES Kerala Legislative Assembly

യിലുള്ള സമാനമായ ഇതേ വ്യവസായത്തിൽ ചുരുങ്ങിയത് 800 രൂപ മുതൽ 1200 രൂപ വരെ കൂലി കിട്ടുന്നുണ്ട്. കുന്നത്തറ ടെക്സ്റൈയിൽസ് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഏക വ്യവസായ സ്ഥാപനമാണ്. അവിടെ തൊഴിലാളികൾക്ക് 300 രൂപ മുതൽ 400 രൂപ വരെയാണ് കൂലി കിട്ടിക്കൊണ്ടിരിക്കുന്നത്. മൂന്നാമത്തെ ഷിഫ്റ്റ് വർക്ക് ചെയ്യുന്ന തൊഴിലാളികൾ പത്തും പതിനഞ്ചും നാഴിക നടന്നാണ് ഈ തൊഴിൽ സ്ഥാപനത്തിൽ വന്നുചേരുന്നത്. ഈ വ്യവസായ സ്ഥാപനത്തിനുവേണ്ടി മുതൽമുടക്കിയവർ പലപ്പോഴായി തങ്ങളെ സഹായിക്കണമെന്ന് കൈനിട്ടിയപ്പോഴെല്ലാം അവരോടു പറഞ്ഞു, ഈ കമ്പനിയ്ക്ക് നല്ലകാലം വരുമ്പോൾ നിങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകാമെന്ന്. എന്തായാലും തൊഴിലാളികൾ കാത്തുകാത്തിരുന്നു. മൂന്നു വർഷക്കാലം റിലീഫ് അണ്ടർ ടേക്കിംഗ് ആക്ട് പ്രകാരം ഈ സ്ഥാപനം ഏറെടുത്തിട്ടും തൊഴിലാളികൾക്ക് നഷ്ടപ്പെട്ട നിയമാനുസൃതമായി ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ ലഭ്യമാകാതെ വന്നപ്പോൾ സംയുക്ത ട്രേഡ് യൂണിയനുകൾ ഒന്നിച്ചുചേർന്നു. സി. ഐ. ടി. യു., ഐ. എൻ. ടി. യു. സി., (ഐ) ഐ.എൻ.ടി.യു.സി. (എസ്), എസ്. ടി. യു. മുതലായ സംഘടനകൾ സംയുക്തമായി ചേർന്നുകൊണ്ട് മാനേജ്മെന്റിനോടു പറഞ്ഞു, ഞങ്ങൾ ഈ സ്ഥാപനത്തിനുവേണ്ടി കഷ്ടപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും ചെറിയ തോതിലുള്ള നിയമപരമായ ആനുകൂല്യങ്ങൾ ഞങ്ങൾക്ക് അനുവദിക്കണം എന്ന്.. പക്ഷേ മാനേജ്മെന്റ് അവരെ പലപ്പോഴും ചർച്ചയ്ക്കു വിളിക്കാൻ സന്നദ്ധമായില്ല. സന്നദ്ധമായ ഘട്ടങ്ങളിൽതന്നെ ഈ കാര്യത്തിൽ ഒരു ക്രിയാത്മകമായ സമീപനം സ്വീകരിക്കാൻ മാനേജ്മെന്റ് തയ്യാറായില്ല.

കേരളത്തിലെ തൊഴിൽ വകുപ്പിനെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ ഈവിധ കാര്യങ്ങളിൽ ഇന്ന് അനങ്ങാപ്പാറ നയത്തിന്റെ ഉടമസ്ഥൻമാരായി മാറിയിരിക്കുകയാണ് ആ വകുപ്പ്. ഗവാളിയർ റയോൺസിന്റെ കാര്യം നമുക്കറിയാം. അതുപോലെ മറ്റു പല സമരങ്ങളെക്കുറിച്ചും നമുക്ക് അറിയാം. ഗതികേടെന്നു പറയട്ടെ, തൊഴിലാളി സംഘടനകൾക്ക് വേരുണ്ടെന്നു പറയുന്ന ഈ സംസ്ഥാനത്ത് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഉള്ള ചുമതല ഗവൺമെന്റിനോ തൊഴിൽ വകുപ്പുമന്ത്രിക്കൊ ഇല്ലാതെ പോയതിന്റെ ഫലമായി ഈ തൊഴിലാളികളുടെ ആവശ്യങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട മാനേജ്മെന്റിനെ വിളിച്ചുകൂട്ടാനോ, ചർച്ച ചെയ്യാനോ, പ്രശ്ന പരിഹാരം കണ്ടെത്താനോ, ഉള്ള കാര്യങ്ങളിൽ ഈ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടു. ഗത്യന്തരമില്ലാതെ വന്നപ്പോൾ നോട്ടീസ് കൊടുത്ത് മൂന്നു നാലു മാസം കഴിഞ്ഞതിനുശേഷം ജനുവരി 10-ാം തീയതി മുതൽ അവിടെയുള്ള മുഴുവൻ തൊഴിലാളി സംഘടനകളും ഒന്നിച്ച് സമരം നടത്തുകയാണ്. ഇതിൽ കക്ഷി രാഷ്ട്രീയമില്ല. ആ താലൂക്കിലെ ഏക വ്യവസായസ്ഥാപനമെന്ന നിലയിൽ അപ്പുറത്തിരിക്കുന്ന ശ്രീ. മണിമംഗലത്തു കുട്ട്യാലിയും ശ്രീ. എ. വി. അബ്ദുറഹ്മാൻ ഹാജിയും ഇപ്പുറത്തിരിക്കുന്ന ശ്രീ. കെ. ചന്ദ്രശേഖരനും ഞാനും അതുപോലെ ശ്രീമാൻ പി. വി. മുഹമ്മദും ഉൾക്കൊള്ളുന്ന ഒരു താലൂക്കിൽ ഞങ്ങളെല്ലാം ഒറക്കെട്ടായി ആവശ്യപ്പെട്ടു, ഈ സ്ഥാപനം രക്ഷിക്കണം, തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെക്കുറിച്ച് ചർച്ച ചെയ്യണം, പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ നടപടികൾ ഉണ്ടാകണം എന്ന്. ഇന്നേവരെ ഇതിന് പരിഹാരം ഉണ്ടായിട്ടില്ല. 70 ദിവസമായി അവിടെ സമരം തുടരുകയാണ്. ഈ സ്ഥാപനത്തിലെ തൊഴിലാളികളോട് ഇത്ര ക്രൂരമായി പെരുമാറരുത്. കണ്ണിൽ ചോരയില്ലാതെ ഇങ്ങനെ പെരുമാറരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ കാര്യത്തിൽ അന്തിമമായ പരി

LIBRARY ARCHIVES Kerala Legislative Assembly

ഹാരം ഉണ്ടാകണം, ആവശ്യമായ നടപടികളും ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് ഒരു കോ-ഓപ്പറേറീവ് അണ്ടർടേക്കിംഗാണ്. അദ്ദേഹം പറഞ്ഞതു പോലെ അങ്ങനെ കോ-ഓപ്പറേറീവ് ആൻഡ് സെൽഫ് എംപ്ലോയ്മെൻറ് സ്കീമനുസരിച്ച് 5,000 രൂപ വീതം തൊഴിലാളികളെ എടുത്തിട്ടുള്ളതും പോരാഞ്ഞ് ഇൻഡസ്ട്രിയൽ ഫിനാൻഷ്യൽ കോപ്പറേഷൻ ഓഫ് ഇന്ത്യ 40 ലക്ഷം രൂപയും ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് ബാങ്ക് 60 ലക്ഷം രൂപയും കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ 37 ലക്ഷം രൂപയും അങ്ങനെ 137 ലക്ഷത്തോളം രൂപ വിവിധ രീതിയിൽ നൽകിയിട്ടുള്ളതുമാണ്. എന്നിട്ടും ഇത് നടത്താൻ കഴിയാത്ത സാഹചര്യമാണവിടെ. ഇൻഡസ്ട്രിയൽ ഡവലപ്മെൻറ് ഫണ്ടിന് കേരളത്തിൽ നിന്നും 11 ലക്ഷം രൂപ കൂടി ടെമ്പററിയായിട്ടുള്ള ലോണായി എടുത്ത് ഇത് നടത്തുകയാണ്. അങ്ങനെ നടത്തുമ്പോൾ അദ്ദേഹം സൂചിപ്പിച്ചതുപോലെ അത് അതിഭീമമായ നഷ്ടത്തിൽ വരികയും എടുത്ത പണത്തിൻറെ പലിശ കൊടുക്കാൻ കഴിയാതെ വരികയും ചെയ്തു. ഈ സാഹചര്യത്തിൽ ഇത് പതിമൂന്നു മാസത്തോളം പൂട്ടിയിടുകയുണ്ടായി. അതിനുശേഷം റിലീഫ് അണ്ടർടേക്കിംഗായിട്ടാണ് ഇത് നടത്തുന്നത്. റിലീഫ് അണ്ടർടേക്കിംഗനുസരിച്ച് ഫർദറായിട്ട് കടബാദ്ധ്യത വരുത്തിവച്ച് ശമ്പളം കൊടുക്കുന്ന വ്യവസ്ഥയില്ലെന്ന് ഞാൻ വിനയപൂർവ്വം ചൂണ്ടിക്കാണിക്കട്ടെ. അപ്പോൾ മാനേജ്മെൻറിൻറെ അഭ്യർത്ഥന ഇങ്ങനെയാണ്. 137 ലക്ഷവും പിന്നെ 11 ലക്ഷവും എടുത്തിട്ടും യാൺ മേടിക്കാൻ പണമില്ല. അതുകൊണ്ട് യാൺ കടം മേടിച്ചാണ് പ്രോസസ് ചെയ്യുന്നത്. അങ്ങനെ ഇപ്പോഴും ഈ കടങ്ങൾ വീട്ടാത്ത സ്ഥിതിയിൽ സെൽഫ് സഫിഷ്യൻറ് ആയിട്ടോ സെൽഫ് സപ്പോർട്ടിംഗായിട്ടോ നടത്തുമ്പോൾ പ്രോഫിറ്റുണ്ടാക്കാൻ നിവൃത്തിയില്ല''. ഇവിടെ മാനേജ്മെൻറിനെക്കുറിച്ചും കൺസിലിയേഷനെക്കുറിച്ചും പറഞ്ഞു. നിരവധി കൺസിലിയേഷൻ ലേബർ ഡിപ്പാർട്ട്മെൻറ് വിളിച്ചു കമ്മീഷണർ വിളിച്ചു, ഞാൻ വിളിച്ചു. അവിടെയൊക്കെയുള്ള കുഴപ്പം റിലീഫ് അണ്ടർടേക്കിംഗായിട്ടുള്ള ഇതിൽ ഇപ്പോഴത്തന്നെ പണമില്ലാതെ കടമായി യാൺ എടുക്കുന്നതുകൊണ്ട് തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാൻ പ്രയാസമാണ്. അങ്ങനെ കമ്പനി ഒരു ലിക്വിഡേഷൻ സ്റ്റേജിൽ നിൽക്കുന്നതുകൊണ്ടും ലിക്വിഡേഷനിൽ മാനേജ്മെൻറിന് തീരുമാനമെടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടുമുള്ള നിസ്സഹായാവസ്ഥ അവർ തൊഴിലാളി യൂണിയനുകളോടും കൺസിലിയേഷൻ അതോറിട്ടിയോടും പറഞ്ഞു. ഇങ്ങനെയുള്ള സ്ഥിതിയിൽ യൂണിയൻറെ ഡിമാൻറുകളെക്കുറിച്ച് ആലോചിച്ചല്ലാതെ എന്തെങ്കിലും ചെയ്യുന്നതിന് മാനേജ്മെൻറിന് സാധിക്കുകയില്ല. പക്ഷേ ഒരു പ്രത്യേക സ്കീമിൽ ഇന്ത്യയുടെ മുഴുവൻ ശ്രദ്ധ ആകർഷിച്ച കോടിക്കണക്കിന് രൂപ മുതൽമുടക്കുള്ളതും ഇപ്പോഴും സെൽഫ് സപ്പോർട്ടിംഗ് അല്ലാത്തതുമായ റിലീഫ് അണ്ടർടേക്കിംഗിനെ സംബന്ധിച്ചിടത്തോളം അഡീഷണൽ ബാദ്ധ്യത വന്നാൽ കമ്പനി ക്ലോഷറിൽ വരും. അത് അങ്ങനെ ക്ലോഷർ ചെയ്യാൻ നിവൃത്തിയില്ല. ഗവൺമെൻറ് കൺസിലിയേഷൻ നടപടികളും പൂർണ്ണമായും നടത്തി പ്രശ്നം തീർക്കാൻ ശ്രമിക്കുന്നതാണ്.

2 കൃഷിനാശം മൂലം കഷ്ടപ്പെടുന്ന കുട്ടനാട്ടിലെ നെൽകൃഷിക്കാർക്ക് സഹായം

ഡോ. കെ. സി. ജോസഫ് : സർ, കഴിഞ്ഞ പുഞ്ചകൃഷിക്കാലത്ത് കുട്ടനാട്ടിൽ വളരെ വ്യാപകമായി നെൽകൃഷിക്ക് നാശനഷ്ടമുണ്ടായി. കഴി

LIBRARY ARCHIVES Kerala Legislative Assembly